بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 02.11.18 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*02.11-2018 ന് മസ്ജിദ് ബൈത്തുറഹ്മാൻ,മേരിലാന്റ്(അമേരിക്ക)ൽ നിർവ്വഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം.*

**ഹദ്റത്ത് മസീഹ് മൗഊദ്(അ),നബി(സ)തിരുമേനിയുടെ ദാസത്വത്തിൽ ലോകത്തുനിന്നും ശിർക്ക് ഇല്ലാതാക്കുന്നതിനുവേണ്ടിയാണ് വന്നിരുന്നത് എന്നത് വ്യക്തമായിരിക്കട്ടെ. അദ്ദേഹത്തിന്റെ ഈ സത്യഖിലാഫത്ത് ഏതെങ്കിലും തരത്തിലുള്ള ശിർക്കിനെ വളർത്തുകയോ പെരുപ്പിക്കുകയോ ചെയ്യുക എന്നത് ഒരു വിധത്തിലും സാധ്യമല്ല. ഖിലാഫത്തിന്റെ അടിസ്ഥാനജോലി തന്നെ ശിർക്കിനെ അവസാനിപ്പിക്കുകയും തൗഹീദ് നിലനാട്ടുകയും ചെയ്യുക എന്നതാണ്.**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝ الرَّحْمٰنِ الرَّحِيْمِ ۝ مٰلِكِ يَوْمِ الدِّيْنِ ۝ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ۝

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝

തശഹുദും തഅവ്വുദും സൂറ ഫാത്തിഹയും ഓതിയതിനുശേഷം ഹുസൂർ അയ്യദഹുല്ലാഹുതആലാ പറഞ്ഞു; സ്വയം അഹ്മദിയാണെന്നു പറയുന്ന ഓരോ വ്യക്തിയും അത് പുരുഷനാകട്ടെ സ്ത്രീയാകട്ടെ അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്നു അദ്ദേഹത്തിന്റെ വാദങ്ങളെ അംഗീകരിക്കുന്നു എന്ന പ്രഖ്യാപനം മാത്രം അവരെ യഥാർത്ഥ അഹ്മദിയാക്കുന്നില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ), ഒരു യഥാർത്ഥ അഹ്മദിയാകുന്നതിനായി ചില നിബന്ധനകൾ വച്ചിരിക്കുന്നു, ചില ബാധ്യതകൾ നൽകിയിട്ടുണ്ട്,ചില നിർബന്ധകടമകളിലേക്ക് ശ്രദ്ധതിരിച്ചിട്ടുണ്ട്. അതനുസരിച്ചു പ്രവർത്തിക്കുകയാണെങ്കിൽ, അവ നിറവേറ്റുകയാണെങ്കിൽ മാത്രമേ യഥാർത്ഥത്തിൽ എന്റെ ജമാഅത്തിൽ എണ്ണപ്പെടുകയുള്ളൂ എന്നു പറഞ്ഞിരിക്കുന്നു.കർമ്മനിരതനായ അഹ്മദിയാകുന്നതിന്, ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരുഅഹ്മദിയിൽ നിന്നും പ്രതീക്ഷിക്കുന്ന കാര്യങ്ങൾ തങ്ങളുടെ മുഴുവൻ കഴിവുകളും പ്രാപ്തിയും ഉപയോഗിച്ചുകൊണ്ട് പ്രാവർത്തികമാക്കേണ്ടത് അനിവാര്യമാണ്. അവിടന്ന് പറഞ്ഞു; ബൈഅത്തുകൊണ്ട് ഉദ്ദേശിക്കുന്നത് അല്ലാഹുവിന് തന്റെ ജീവൻ സമർപ്പിക്കുക എന്നതാണ്. ചുരുക്കത്തിൽ ഇതൊരു നിസ്സാര ജോലിയല്ല. നാം നമ്മുടെ ഏതെങ്കിലും വസ്തു ആർക്കെങ്കിലും വിൽക്കുകയാണെങ്കിൽ പിന്നെ നമുക്കതിൽ യാതൊരവകാശവും നിലനിൽക്കുകയില്ല. അതുകൊണ്ട് ഈ അവസ്ഥയാണ് നമ്മിൽ ഉണ്ടാവേണ്ടത്. നമ്മുടെ ജീവനെസംബന്ധിച്ചുള്ള നമ്മുടെ ചിന്താഗതിയും ഇത്തരത്തിലുള്ളതായിരിക്കണം. അവിടന്ന് പറഞ്ഞു; ബൈഅത്ത് ചെയ്യുന്നയാൾക്ക് ആദ്യമായി വിനയവും എളിമയും സ്വായത്തമാക്കേണ്ടിവരും. അഹംഭാവത്തിൽ നിന്നും സ്വേച്ഛയിൽ നിന്നും വിട്ടുനിൽക്കേണ്ടി വരും. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകൾ ഇതാണ്; അഹംഭാവത്തിൽ നിന്നും സ്വേച്ഛയിൽ നിന്നും വിട്ടുനിൽക്കേണ്ടി വരും. ഹുസൂർ പറഞ്ഞു; ചിലയാളുകളുടെ അഹംഭാവത്തിന്റെയും സ്വേച്ഛയുടെയും അവസ്ഥ ഇതാണ്, അതായത് ഒരിടത്ത് ഒരു ഭാരവാഹിക്ക് മറ്റൊരു ഭാരവാഹിയോടുള്ള നീരസത്താൽ എന്റെ സാന്നിദ്ധ്യമുണ്ടായിരുന്നിട്ടുകൂടി  നമസ്കാരങ്ങൾക്കായി പള്ളിയിൽ വന്നില്ല.ഈ ഭാരവാഹിയുമായി ആ വ്യക്തിയുടെ ബന്ധം നല്ലതല്ലായിരുന്നു എന്നതാണ് കാരണം.അഹംഭാവവും തന്നിഷ്ടവും എത്രമാത്രം അധികരിച്ചുവെന്നാൽ,ഖിലാഫത്തിൽ ബൈഅത്തു ചെയ്തിരിക്കുന്നുവെന്ന വാദമുണ്ടെങ്കിലും ഒന്നും കൂടെയില്ല.

കാലത്തിന്റെ ഖലീഫ അവിടയുണ്ട് അദ്ദേഹത്തിന്റെ പുറകിൽ നമസ്കരിക്കുവാൻ പോകണം. ഏതെങ്കിലും ഭാരവാഹിക്കു വേണ്ടിയാകരുത് പള്ളിയിൽ വരേണ്ടത്. സ്വയം ഒരു ഭാരവാഹിയാണുതാനും.ഈ ഒരവസ്ഥയാണെങ്കിൽപിന്നെ അഹ്മദിയായതുകൊണ്ട് ഒരു പ്രയോജനവുമില്ല. അതുകൊണ്ട് അഹം(ഞാൻ) എന്ന ഭാവത്തെ നശിപ്പിക്കേണ്ടി വരും, തന്നിഷടംപ്രവർത്തിക്കുന്നതിൽനിന്നും വിട്ടുനിൽക്കേണ്ടതായി വരും .ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു; ബൈഅത്തിന്റെ സമയത്ത് ചെയ്യുന്ന പ്രതിജ്ഞ ഒന്നും, ശേഷം കർമ്മം മറ്റൊന്നും ആണെങ്കിൽപിന്നെ നോക്കുക എത്ര വലിയ വൈരുദ്ധ്യമാണ്,നിങ്ങളുടെ വാക്കുകളിൽ എത്ര വൈപരീത്യമാണ്ഉള്ളത്. അല്ലാഹുവുമായി നിങ്ങൾ വൈരുദ്ധ്യം കാണിക്കുകയാണെങ്കിൽ  അല്ലാഹുവും നിങ്ങളോട് ആ വ്യത്യാസം കാണിക്കുന്നതാണ്.അവിടന്ന് പറയുന്നു; അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ വിശ്വാസത്തിന്റെയും കർമ്മങ്ങളുടെയും കണക്കെടുപ്പു നടത്തുക.നിങ്ങളുടെ ഹൃദയം അല്ലാഹുവിന്റെ അർശ് ആയിത്തീർന്ന് നിങ്ങൾ അതിന്റെ സംരക്ഷണത്തിനുകീഴിൽ വരുംവിധം നിങ്ങളിൽ പരിവർത്തനമുണ്ടാകുകയും ശുദ്ധമാക്കുകയും ചെയ്തിട്ടുണ്ടോ. അവിടന്നു പറഞ്ഞു; ഞാൻ നിങ്ങളെ വീണ്ടും വീണ്ടും ഉപദേശിക്കുകയാണ്,നിങ്ങൾ, സ്വഹാബാക്കൾ തങ്ങളിൽ പരിവർത്തനം ഉണ്ടാക്കിയതുപോലെ വിശുദ്ധരായിത്തീരുക.അവർ വർഷങ്ങളായി, പല തലമുറകളായി അവരിൽ  നിലനിന്നിരുന്ന ശത്രുതയെ അല്ലാഹുവിനുവേണ്ടി മാത്രം സ്നേത്തിലും സാഹോദര്യത്തിലുമാക്കിത്തീർത്തു.അവർ തൗബാ ചെയ്തപ്പോൾ അതിസൂക്ഷ്മങ്ങളായ ശിർക്കിൽ നിന്നു

പോലും രക്ഷപ്പെടാൻ പരിശ്രമിച്ചു.സൂക്ഷ്മമായ ശിർക്ക് എന്താണെന്നു വ്യക്തമാക്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു; ശിർക്കുകൊണ്ടുദ്ദേശിക്കുന്നത് വെറും കല്ലുകളെയും മറ്റും ആരാധിക്കുക എന്നതു മാത്രമല്ല. മറിച്ച് കാര്യഹേതുക്കളെ പൂജിക്കുക എന്നതും ശിർക്കാണ്. നബി(സ) തിരുമേനി അരുളുകയുണ്ടായി; കർമ്മങ്ങളിൽ പ്രകടനപരത ഉണ്ടാകുകയും സൂക്ഷ്മങ്ങളായ ചിന്തകളിൽ മുഴുകിയിരിക്കുക എന്നതും ശിർക്കാണ്. ഏതെങ്കിലും വ്യക്തി മതപരമായ കല്പനയെ പിൻപുറം തള്ളിക്കളഞ്ഞുകൊണ്ട് ലൗകീകമായ ആഗ്രഹങ്ങളെ പൂർത്തിയാക്കുകയാണെങ്കിൽ ശിർക്കിൽ അകപ്പെട്ടവനാകുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു; തൗഹീദ് എന്നത് വെറും വായകൊണ്ട് ലാഇലാഹ ഇല്ലല്ലാഹ് എന്ന് പറയുകയും ഹൃദയത്തിൽ ആയിരക്കണക്കിന് ബിംബങ്ങളുണ്ടാകുകയും ചെയ്യുക എന്നതല്ല. ഒരു വ്യക്തി തന്റെ ജോലിയിലും തന്റെ ചതിപ്രയോഗങ്ങൾക്കും കുതന്ത്രങ്ങൾക്കും മറ്റു ഉപായങ്ങൾക്കും അല്ലാഹുവിനു നൽകേണ്ടത്ര മഹത്വം കൽപിക്കുകയോ അല്ലെങ്കിൽ അല്ലാഹുവിൽ അർപ്പിക്കേണ്ട അത്ര പ്രതീക്ഷ ഏതെങ്കിലും മനുഷ്യനു നൽകുകയോ അല്ലെങ്കിൽ സ്വന്തം ആത്മാവിന് അല്ലാഹുവിനോടുണ്ടാകേണ്ടത്ര ആദരവ് നൽകുകയോ ചെയ്യുകയാണെങ്കിൽ അത്തരം അവസരങ്ങളിലെല്ലാം അയാൾ അല്ലാഹുവിന്റെ അടുക്കൽ  ബിംബാരാധകനാണ്. ആരോ എന്നോടു പറയുകയുണ്ടായി അതായത് ആളുകൾ ഖലീഫയ്ക്കു എത്രത്തോളം ഉന്നത സ്ഥാനം നൽകുന്നുവെന്നാൽ അവർ ശിർക്കിന്റെ തലംവരെ എത്തിയിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) നബി(സ)തിരുമേനിയുടെ ദാസത്വത്തിൽ ലോകത്തുനിന്നും ശിർക്ക് ഇല്ലായ്മ ചെയ്യുന്നതിനാണ് വന്നിരുന്നത് എന്നത് വ്യകതമായിരിക്കട്ടെ. അദ്ദേഹത്തിന്റെ സത്യഖിലാഫത്ത് ഏതെങ്കിലും തരത്തിലുള്ള ശിർക്കിന് വളർച്ച നൽകുകയോ പെരുപ്പിക്കുകയോ ചെയ്യുക എന്നത് ഒരു വിധത്തിലും സാധ്യമല്ല. ഖിലാഫത്തിന്റെ അടിസ്ഥാന ജോലി തന്നെ ശിർക്ക് ഇല്ലായ്മ ചെയ്യുകയും തൗഹീദ് നിലനാട്ടുകയും ചെയ്യുക എന്നതാണ്. ഏതൊരു മിഷന്റെ പൂർത്തീകരണത്തിനായിട്ടാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നിയോഗിതനായിരിക്കുന്നത് അതിനെ പൂർണ്ണതയിലെത്തിക്കുക എന്നതാണ്. അതെ,ഖിലാഫത്തിന്റെ ആദരവ് നിലനിർത്തുക എന്നത് കാലത്തിന്റെ ഖലീഫയുടെ ജോലിയാണ്. അത് അദ്ദേഹത്തിന്റെ ബാധ്യതയാണ്. അത് നിറവേറ്റുകതന്നെ ചെയ്യും.എന്തുകൊണ്ടെന്നാൽ,അല്ലാഹുവിന്റെ വാഗ്ദാനപ്രകാരം,നബി(സ)തിരുമേനിയുടെ പ്രവചനപ്രകാരം ഖിലാഫത്തു മുഖേന തൗഹീദിന്റെ സന്ദേശം ലോകത്തു പ്രചരിക്കേണ്ടതുണ്ട്. ലോകത്തു നിന്നും ശിർക്ക് ഇല്ലാതാകേണ്ടതുണ്ട്. പക്വമല്ലാത്ത ബുദ്ധികളിൽ,  തർബിയ്യത്തിന്റെ കുറവു കാരണം ഇത്തരം ചിന്തകൾ പൊങ്ങി വരുന്നു. അത് അവരുടെ മനസ്സുകളിൽ നിന്നും പുറത്തു കളയേണ്ടതാണ്.

തൗഹീദിന്റെ സംസ്ഥാപനത്തിനായുള്ള പരിശ്രമവും തങ്ങളെ വിശ്വസിക്കുന്നവരുടെ ഹൃദയത്തെ ശിർക്കിൽ നിന്നും പരിശുദ്ധമാക്കുക എന്ന സുപ്രധാന കർമ്മത്തിനും ശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മുടെ ശ്രദ്ധ തിരിച്ചിരിക്കുന്ന ഒരു കാര്യം,അതനുസരിച്ചാണ് നമ്മിൽ നിന്നും ബൈഅത്തു വാങ്ങിയിരിക്കുന്നത്. അത് കളവിൽ നിന്നും സ്വഭാവപരമായ ദൂഷ്യങ്ങളിൽ നിന്നും രക്ഷപ്പെടുക എന്നതാണ്. അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു; **ഫജ്തനിബുരിജ്സ മിനൽഔസാനി വജ്തനിബൂ കൗലസ്സൂർ**. അതായത് ബിംബങ്ങളുടെ മാലിന്യങ്ങളിൽ അകപ്പെടാതെ സൂക്ഷിക്കുകയും കളവ് പറയുന്നതിൽ നിന്നും വിട്ടുനിൽക്കുകയും ചെയ്യുക. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു; വിശുദ്ധഖുർആൻ കളവിനെയും അശുദ്ധവും മാലിന്യവുമായിട്ടാണ് പറഞ്ഞിരിക്കുന്നത്. നോക്കൂ ഇവിടെ കളവിനെ ബിംബത്തിനെതിരിൽ വച്ചിരിക്കുകയാണ്.യഥാർത്ഥത്തിൽ കളവും ഒരു ബിംബമാണ്. അല്ലെങ്കിൽ പിന്നെ എന്തിനാണ് സത്യത്തെ വിട്ട് മറുഭാഗത്തു പോകുന്നത്.

കളവും ഒരുബിംബമാണ് അതിൽ വിശ്വാസമർപ്പിക്കുന്നവൻ അല്ലാഹുവിലുള്ള പ്രതീക്ഷ കൈവിടുന്നു. അതുകൊണ്ട് കളവുപറയുന്നതുകൊണ്ട് അല്ലാഹുവും കയ്യിൽ നിന്നു പോകുന്നു. ഹുസൂർ പറഞ്ഞു; തൗഹീദിന്റ വാദമുണ്ടെങ്കിൽ, അല്ലാഹുവിനെ ഇബാദത്ത് ചെയ്യുന്നു എന്ന വാദമുണ്ടെങ്കിൽ, യഥാർത്ഥ മുസ്ലിം ആണെന്ന വാദമുണ്ടെങ്കിൽ പിന്നെ നമുക്ക് കളവിനെ ഉള്ളിൽ നിന്നും നീക്കം ചെയ്യേണ്ടതായി വരും. കള്ളത്തരംകാണിക്കുന്നവനെയും നീക്കം ചെയ്യേണ്ടതായി വരും. ചിലയാളുകൾ നിസ്സാരകാര്യങ്ങളിൽ പോലും തെറ്റായവിവരണം നൽകുന്നു. ഇതൊരു വിശ്വാസിയുടെ അന്തസ്സിനു ചേർന്നതല്ല. ചെറിയചെറിയ തെറ്റായ വിവരണമൊന്നും കളവല്ല എന്നു കരുതരുത്. നബി(സ)തിരുമേനി പറഞ്ഞു; ആരെങ്കിലും ഒരു ചെറിയ കുട്ടിയോട് വരൂ നിനക്ക് ഞാനൊരു സാധനം തരാം എന്നു പറയുകയും പിന്നെ ഒന്നും കൊടുക്കാതിരിക്കുയും ചെയ്യുകയാണെങ്കിൽ അതു കളവായി കണക്കാക്കുന്നതാണ്. തമാശയ്ക്കുവേണ്ടി പറയുന്ന കളവുപോലും കളവു തന്നെയാണ്. തുടർന്ന് അവിടന്ന് പറഞ്ഞു; കളവ് തിൻമയിലേക്കും ധിക്കാരത്തിലേക്കും നീചകർമ്മങ്ങളിലേക്കും കൊണ്ടെത്തിക്കുന്നു. ധിക്കാരവും നീചകർമ്മങ്ങളും നരകത്തിലേക്കും കൊണ്ടെത്തിക്കുന്നു.

പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പ്രത്യേകമായും ഒരു തിൻമയിൽ നിന്നും രക്ഷപ്പെടുന്നതിനായി ഉപദേശിച്ചിരിക്കുന്നു. മാത്രമല്ല അത് ബൈഅത്തിന്റെ നിബന്ധനകളിൽ ഉള്ളതുമാണ്,അതാണ് വ്യഭിചാരം. അവിടന്ന് പറയുന്നു; അല്ലാഹു പറഞ്ഞിരിക്കുന്നു **വലാ തഖ്റബുസ്സിനാ**-അതായത് വ്യഭിചാരത്തോട് അടുക്കുകപോലും ചെയ്യരുത്. അതായത് ആ ചിന്തയുണ്ടാകാൻ സാധ്യതയുള്ള പരിപാടികളിൽ നിന്നു പോലും അകന്നു നിൽക്കുക. ഹൂസൂർ പറഞ്ഞു; ഇന്നത്തെ കാലഘട്ടത്തിൽ ടിവിയുണ്ട്,ഇന്റർനെറ്റ് ഉണ്ട് അവയിൽ തുറന്ന നിലയിൽ വ്യഭിചാരത്തിലേക്ക് പ്രേരണ നൽകുന്ന തരത്തിലുള്ള തെറ്റായ ഫിലിമുകൾ കാണിക്കുന്നു. ഇത്തരം കാര്യങ്ങളിൽ നിന്നും രക്ഷപ്പെട്ടു നിൽക്കുക എന്നത് ഓരോ അഹ്മദിയുടെയും ജോലിയാണ്. നിരവധി വീടുകളിൽ ഇതുമൂലം കുഴപ്പങ്ങളും കലഹങ്ങളും ഉണ്ടാകുന്നു നിരവധി വീടുകൾ ഇക്കാരണത്താൽ ശിഥിലമായിക്കൊണ്ടിരിക്കുകയാണ് അല്ലെങ്കിൽ ശിഥിലമായിക്കഴിഞ്ഞിരിക്കുന്നു. ഭർ

ത്താവ് ഇരുന്നു സിനിമകൾ കണ്ടുകൊണ്ടിരിക്കുന്നു അല്ലെങ്കിൽ ഇന്റർനെറ്റിന്റെ മുന്നിൽ ഇരിക്കുന്നു. തെറ്റായ ചിന്തകൾ ഉണ്ടാകുന്നു. മോശമായ,നഗ്നചിത്രങ്ങൾ കാണുന്ന ശീലം ഉള്ളതുമൂലം അനേകം യുവാക്കൾ നശിച്ചുകൊണ്ടിരിക്കുന്നു. മോശമായ കൂട്ടുകെട്ടിൽ അകപ്പെടുന്നു. അതുകൊണ്ട് ഒരു അഹ്മദി പ്രത്യേകമായും ഇത്തരം കാര്യങ്ങളിൽ നിന്നും രക്ഷപ്പെടേണ്ടതാണ്.

പിന്നെ ഒരു യഥാർത്ഥ അഹ്മദിയായിത്തീരുന്നതിനായി എല്ലാ തരത്തിലുള്ള അക്രമങ്ങളിൽ നിന്നും രക്ഷപ്പെടാൻ ഹദ്റത്ത് മസീഹ്മൗഊദ്(അ) പ്രത്യേകമായും ശ്രദ്ധ തിരിച്ചിരിക്കുന്നു. അവിടന്ന് പറഞ്ഞു;ഞാനുമായി ബന്ധപ്പെടുത്തിപ്പറയണമെന്നുങ്കിൽ പിന്നെ യാതൊരു തരത്തിലുമുള്ള ഉപദ്രവത്തിന്റെയും അക്രമത്തിന്റെയുംകുഴപ്പങ്ങളുടെയും കലഹങ്ങളുടെയും ചിന്ത പോലും ഹൃദയത്തിൽ കൊണ്ടുവരരുത്. ഏറ്റവും വലിയ അക്രമം ഏതാണെന്ന് നബി(സ)തിരുമേനിയോട് ചോദിക്കപ്പെട്ടു.അപ്പോൾ നബിതിരുമേനി(സ) പറഞ്ഞു; ഏറ്റവും വലിയ അക്രമം, ഏതെങ്കിലും വ്യക്തി തന്റെ സഹോദരന്റെ അവകാശത്തിൽനിന്ന് ഒരുമുഴംഭൂമി കൈക്കലാക്കുന്നതാണ്. പിടിച്ചടക്കുന്നതാണ്. ചുരുക്കത്തിൽ,മറ്റൊരാളുടെ അവകാശങ്ങൾ പിടിച്ചുവയ്ക്കുക എന്നത് വളരെ വലിയ അക്രമവും പാപവുമാകുന്നു. അന്യരോടു നാം ഇസ്‌ലാമിന്റെ മേൻമകളെക്കുറിച്ച് പറഞ്ഞുകൊടുക്കുമ്പോൾ പറയാറുള്ളത് ജനങ്ങളുടെ അവകാശങ്ങൾ നൽക്കുന്നതിനുള്ള ഉന്നതനിലവാരത്തിലുള്ള അധ്യാപനങ്ങൾ ഇസ്‌ലാമിന്റെ അധ്യാപനങ്ങളിലുണ്ട് എന്നാണ്. അവകാശങ്ങൾ തട്ടിയെടുക്കുന്നതിനു പകരം അവകാശങ്ങൾ നൽകുന്നതിലേക്കാണ് അത് ശ്രദ്ധതിരിക്കുന്നത്. ജനങ്ങളോടു നാം വളരെ മുൻകടന്ന് കാര്യങ്ങൾ പറയകയും നമ്മുടെ കർമ്മങ്ങൾ അതിനു വിപരീതവുമാണെങ്കിൽ നാം കുറ്റക്കാരാണ്,കളവു പറയുകയാണ്. അതിനാൽ അതിനെക്കുറിച്ചും ഓരോ അഹ്മദിയും സൂക്ഷ്മപരിശോധന നടത്തേണ്ടതാണ്.

ഹുസൂർ പറഞ്ഞു; അല്ലാഹുവിനെ അറിഞ്ഞാരാധിക്കുക എന്നത് ഒരു വിശ്വാസിയാകുവാനുള്ള നിബന്ധനയാണ്. എന്നല്ല മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യമായി പറഞ്ഞതും ആരാധനയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു; എന്റെ ജമാഅത്തിലാണെന്നു സ്വയം ഗണിക്കപ്പെടുന്ന അല്ലയോ ജനങ്ങളേ.യഥാർത്ഥത്തിൽ തഖ്‌വയുടെ മാർഗ്ഗത്തിലൂടെ പദമൂന്നുമ്പോൾ മാത്രമേ നിങ്ങൾ ആകാശത്ത് എന്റെ ജമാഅത്തിൽപെട്ടവരായി ഗണിക്കപ്പെടുകയുള്ളൂ.അതിനാൽ നിങ്ങളുടെ അഞ്ചുനേര നമസ്കാരങ്ങൾ നിങ്ങൾ അല്ലാഹുവിനെ കാണുന്നു എന്ന നിലയിൽ ഭയത്തോടും ഹൃദയസാന്നിദ്ധ്യത്തോടും കൂടി അനുഷ്ഠിക്കുവിൻ. പറഞ്ഞു; നമസ്കാരം ഓരോ മുസ്‌ലിമിലും നിർബന്ധ കടമയാണ്. ഒരു സമൂഹം നബി(സ)യുടെ അടുക്കൽ വന്ന് ഇസ്‌ലാം സ്വീകരിച്ചു. എന്നിട്ടു പറഞ്ഞു അല്ലാഹുവിന്റെ റസൂലേ ഞങ്ങൾക്ക് നമസ്കാരം മാപ്പാക്കിത്തന്നാലും.ഞങ്ങളുടെ വസ്ത്രവും വൃത്തികേടാവുന്നു, ഞങ്ങൾക്ക് ഒഴിവും കിട്ടുന്നില്ല. അപ്പോൾ അവിടന്ന് പറഞ്ഞു; നോക്കൂ നമസ്കാരമില്ലെങ്കിൽ പിന്നെ എന്താണുള്ളത്. നമസ്കാരമില്ലാത്ത ദീൻ ഒരു ദീനേ അല്ല. പറഞ്ഞു; എന്താണു നമസ്കാരം.സ്വന്തം കഴിവില്ലായ്മയും അഭിലാഷങ്ങളും ബലഹീനതകളും അല്ലാഹുവിന്റെ മുൻപിൽ സമർപ്പിക്കുക. ആവശ്യങ്ങൾ സാധിക്കുന്നതിനായി അവനോടുതന്നെ ചോദിക്കുകയും ചെയ്യുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) സ്പഷ്ടമായിത്തന്നെ പറഞ്ഞിട്ടുണ്ട് അതായത് മൃഗങ്ങളേയും മനുഷ്യരേയും വ്യത്യസ്തമാക്കുന്ന കാര്യം ഇബാദത്തും നമസ്കാരവുമാണ്. ഹുസൂർ പറഞ്ഞു; ഞാൻ പലതവണ ഈഭാഗത്തേക്ക് ശ്രദ്ധ തിരിച്ചിട്ടുണ്ട്. നമസ്കാരസെന്റർ അല്ലെങ്കിൽ പള്ളി ദൂരെയാണെങ്കിൽ അടുത്തടുത്തുള്ള ഏതാനും വീടുകൾ ഒന്നിച്ചു ചേർന്ന് നമസ്കരിക്കാൻ പറ്റുന്ന ഒരു സ്ഥലം നിശ്ചയിക്കുക. അതിലൂടെ ജമാഅത്തായുള്ള നമസ്കാരത്തിന്റെ പ്രതിഫലം ലഭിക്കുന്നതോടൊപ്പം നമസ്കാരത്തിലേക്കുള്ള ശ്രദ്ധയും ഉണ്ടാകും അടുത്ത തലമുറയുടെ സംസ്കരണവും നടന്നുകൊണ്ടിരിക്കും.നമസ്കാരത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള നബി(സ)തിരുമേനിയുടെ ഒരു നിർദ്ദേശം അത് തീർച്ചയായും നമ്മെ പിടുച്ചുകുലുക്കുന്നതാണ്.അവിടന്ന് പറയുകയാണ്; ഖിയാമത്തുനാളിൽ ദാസരിൽ നിന്നും ഏറ്റവും ആദ്യം കണക്കെടുക്കുന്നത് നമസ്കാരത്തെകുറിച്ചായിരിക്കും. ഈ കണക്ക് ശരിയായെങ്കിൽ അയാൾ വിജയിച്ചു. മോക്ഷം പ്രാപിച്ചു. ഈ കണക്ക് ശരിയായില്ലെങ്കിൽ അയാൾ പരാജയപ്പെട്ടു,നഷ്ടത്തിലായി. അല്ലാഹു എല്ലാ അഹ്മദികൾക്കും ഈ കടമ നിറവേറ്റാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ഹുസൂർ പറഞ്ഞു; തഹജ്ജുദും നഫൽ അനുഷ്ഠിക്കുന്ന ഭാഗത്തേക്കും ശ്രദ്ധയുണ്ടായിരിക്കേണ്ടതാണ്. നിങ്ങളുടെ ഫർളുകളിൽ വരുന്ന കുറവുകൾ അല്ലാഹു ഈ നഫലുകൾ മുഖേന പൂർത്തിയാക്കുന്നതാണ് എന്ന് നബി(സ)തിരുമേനിയുടെ ഉപദേശമുണ്ട്.

ഹുസൂർ പറഞ്ഞു;ഓരോ അഹ്മദിയും ശ്രദ്ധിക്കേണ്ട അങ്ങേയറ്റം പ്രധാനപ്പെട്ട മറ്റൊരു കാര്യം അല്ലാഹുവിനോട് തങ്ങളുടെ കുറ്റങ്ങൾക്ക് മാപ്പപേക്ഷിക്കുന്നതിലേക്ക് ശ്രദ്ധയുണ്ടായിരിക്കണം എന്നതാണ്. നബി(സ)തിരുമേനി പറയുകയുണ്ടായി, ജനങ്ങൾ ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കെ അല്ലാഹു ശിക്ഷ നൽകുന്നതല്ല. ഹദ്റത്ത് മസീഹ്മൗഊദ്(അ) പറയുകയുണ്ടായി; ഇന്നത്തെ ഈ കാലഘട്ടത്തിൽ വിശുദ്ധഖുർആനിലെ ഈ ദുആ ചൊല്ലിക്കൊണ്ടിരിക്കേണ്ടതാണ്. **റബ്ബനാ ദലംമ്നാ അൻഫുസനാ വഇൻലം തഗ്ഫിർലനാ വ തർഹംനാ ലനകൂനന്ന മിനൽ ഖാസിരീൻ.** അതായത് അല്ലാഹുവേ ഞങ്ങൾ ഞങ്ങളുടെ ആത്മാക്കളോടുതന്നെ അതിക്രമം ചെയ്തിരിക്കുന്നു. നീ ഞങ്ങൾക്ക് പൊറുത്തുതരികയും ഞങ്ങളോടു കരുണ കാണിക്കുകയും ചെയ്തില്ലെങ്കിൽ ഞങ്ങൾ നഷ്ടപ്പെട്ടവരിൽ ആയിപ്പോകും.ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്നെ വിശ്വസിക്കുന്നവർക്കായി അടിസ്ഥാനപരമായ ഈ നിബന്ധന കൂടി വച്ചിരിക്കുന്നു. അതായത് അവർ അല്ലാഹുവിന്റെ ദാസരുടെ കടമകൾ നിറവേറ്റിക്കൊടുക്കുന്നവരും അല്ലാഹുവിന്റെ സൃഷ്ടികൾക്ക് യാതൊരു പ്രകാരത്തിലുമുള്ള വിഷമവും ഏല്പിക്കുന്നതിൽ നിന്നും വിട്ടുനിൽക്കുന്നവരും ആയരിക്കേണ്ടതാണ്. ഹുസൂർ പറഞ്ഞു;ഇന്ന് എല്ലാ മുസ്‌ലിംകളും ഈ യാഥാർത്ഥ്യം മനസ്സിലാക്കുകയും അതനുസരിച്ച് പ്രവർത്തിക്കുന്നവരുമായിരുന്നെ

ങ്കിൽ അതുപോലെ മുസ്‌ലിം ഭരണകൂടങ്ങൾ ഇതനുസരിച്ചു പ്രവർത്തിക്കുന്നവരാണെങ്കിൽ- ഇന്ന് മുസ്‌ലിംകൾ മുസ്‌ലിംകളുടെ മേൽ അക്രമം നടത്തിക്കൊണ്ട് ജീവനും സ്വത്തും നശിപ്പിച്ചുകൊണ്ടിരിക്കുന്നു. ലക്ഷക്കണക്കിനു കുട്ടികൾ അനാഥരായിക്കൊണ്ടിരിക്കുന്നു. ലക്ഷക്കണക്കിന് സ്ത്രീകൾ വിധവകളായിക്കൊണ്ടിരിക്കുന്നു, വൃദ്ധർ മരിച്ചുകൊണ്ടിരിക്കുന്നു ഇവയൊന്നും ഉണ്ടാവുമായിരുന്നില്ല.

പിന്നെ അഹങ്കാരം വലിയൊരു തിന്മയാകുന്നു. അതിൽ നിന്നും രക്ഷപ്പെട്ടിരിക്കാൻ അല്ലാഹു വിശുദ്ധഖുർആനിലൂടെ നമ്മെ ഉണർത്തിയിരിക്കുന്നു. നബി(സ)തിരുമേനി ഇതുസംബന്ധമായി വളരെയധികം ശ്രദ്ധതിരിച്ചിട്ടുണ്ട്. അവിടന്ന് പറയുന്നു; ആരുടെ ഹൃദയത്തിലാണോ കടുകുമണിയോളമെങ്കിലും അഹങ്കാരമുള്ളത് അയാൾക്ക് സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ സാധിക്കുകയില്ല. ഹുസൂർ പറഞ്ഞു ഓരോ അഹ്മദിയും ഇതിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിക്കേണ്ടതാണ്. രണ്ടു വ്യത്യസ്ത അവസരങ്ങളിൽ ഞാനുമായി നടന്ന യോഗങ്ങളിൽ പെൺകുട്ടികളുടെ ഭാഗത്തു നിന്നും പ്രകടമാക്കപ്പെട്ട ഒരുകാര്യം ജമാഅത്തിൽ ചിലരൂപത്തിലുള്ള വംശീയ വേർതിരിവ് ഉണ്ട് എന്നാണ്. അഥവാ ഏതെങ്കിലും തരത്തിൽ യുവതലമുറയിൽ ഇത്തരം ചിന്താഗതിയുണ്ടെങ്കിൽ അത് അങ്ങേറ്റത്തെ തെറ്റാകുന്നു. ഹുസൂർ പോഷകസംഘടനകളെ തൽസംബന്ധമായ തർബിയ്യത്തിലേക്ക് ശ്രദ്ധതിരിക്കുകയുണ്ടായി. സാമ്പത്തിക ത്യാഗത്തിലേക്ക് ശ്രദ്ധതിരിച്ചുകൊണ്ട് ഹുസൂർ പറയുകയുണ്ടായി; അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലോകത്തുള്ള എല്ലാ ജമാഅത്തുകളും സാമ്പത്തിക ത്യാഗങ്ങളിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. എന്നാൽ സാമ്പത്തിക വ്യവസ്ഥിതിയിൽ സ്ഥിരം ചന്ദകളുടെ കാര്യം പരിശോധിക്കുമ്പോൾ വളരെ പോരായമകളുണ്ടെന്ന് മനസ്സിലാകുന്നു. ഈ ഭാഗത്തേക്ക് ശ്രദ്ധിക്കേണ്ടത് അനിവാര്യമാണ്. ശരിയായ ശറഹ് അനുസരിച്ച് ചന്ദനൽകാൻ തുടങ്ങിയാൽ പിന്നെ പള്ളികളുടെ നിർമ്മാണത്തിനും ജമാഅത്തിന്റെ മറ്റു ജോലികൾക്കുമായി വളരെ കുറച്ച് ഉദ്ബോധനം നടത്തേണ്ട ആവശ്യമേ ഉണ്ടാകൂ എന്നാണ് ഞാൻ മനസ്സിലാക്കുന്നത്.അതിനാൽ ഇതനുസരിച്ച് സ്വയംപരിശോധന നടത്തുകയും ചന്ദ ആം ബജറ്റ് വീണ്ടും പരിശോധിച്ച് കുറവ് എഴുതിച്ചിട്ടുള്ളവർ തങ്ങളുടെ ബജറ്റ് വീണ്ടും എഴുതിക്കുക.

ഇന്ന് അവസാനമായി ശ്രദ്ധക്ഷണിക്കാൻ ആഗ്രഹിക്കുന്ന കാര്യം,അത് അനുസരണമാണ്. ചില വക്രസ്വഭാവമുള്ള ആളുകൾ അല്ലെങ്കിൽ മുനാഫിഖുകളുടെ ചിന്തയുള്ളവർ പറയുന്നത് മഅ്റൂഫ് ആയ കല്പനകൾ അനുസരിക്കുമെന്ന പ്രതിജ്ഞയാണുള്ളത്,കാലത്തിന്റെ ഖലീഫയുടെ ചില കല്പനകൾ മഅ്റൂഫ് ആയിരിക്കില്ല എന്നാണ്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ ഇതിനെ വ്യക്തമാക്കിക്കൊണ്ട് പറയുന്നു; ഈ പദം നബി(സ)ക്കു വേണ്ടിയും വന്നിട്ടുണ്ട്. വിശുദ്ധഖുർആനിൽ വന്നിരിക്കുന്നു **വലാ യഅ്സ്വീനക്ക ഫീ മഅ്റൂഫ്**-മഅ്റൂഫ് ആയ കാര്യങ്ങളിൽ നിന്നോട് അനുസരണക്കേട് കാണിക്കുന്നതല്ല.അദ്ദേഹം പറയുന്നു,ഇത്തരം ആളുകൾ നബി(സ)തിരുമേനിയുടെയും ന്യൂനതകളുടെ പട്ടികയും തയ്യാറാക്കിയിട്ടുണ്ടോ. അവിടന്ന് പറയുന്നതിൽ ഏതാണ് ശരി ഏതാണ് തെറ്റ് എന്ന്. നഊദുബില്ലാഹ് മിൻ ദാലിക്.

ഹുസൂർ പറഞ്ഞു; മഅ്റൂഫ് ആയ കല്പനകളിലുള്ള അനുസരണം അഥവാ തീർച്ചയായും അനുസരിക്കേണ്ട മഅ്റൂഫ് ആയ കല്പനകൾ അവ അല്ലാഹുവിന്റെ കല്പനകളാണ് പിന്നെ അവന്റ റസൂലിന്റെ കല്പനകളാണ്. യഥാർത്ഥ ഖിലാഫത്ത് നിലനിൽക്കുവോളം കാലം അല്ലാഹുവിന്റയും അവന്റെ റസൂലിന്റെയും കല്പനകൾക്ക് വിരുദ്ധമായി തീരുമാനമെടുക്കുകയില്ല ഖുർആനും സുന്നത്തും അനുസരിച്ചു തന്നെയായിരിക്കും(തീരുമാനമെടുക്കുക). ജമാഅത്തിന്റെ ഭാഗമാണെന്നു മനസ്സിലാക്കുന്ന ഓരോ വ്യക്തിയും കാലത്തിന്റെ ഖലീഫയുടെ ജമാഅത്തുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ അനുസരിച്ചു പ്രവർത്തിക്കേണ്ടത് നിർബന്ധമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു; ഞാനുമായി ബന്ധപ്പെടുത്തിപ്പറയുന്ന, എന്റെ ബൈഅത്തിൽ വന്നിട്ടുള്ള ആളുകളുടെ ഇസ്‌ലാഹ് നടക്കുന്നില്ലെങ്കിൽ,അവർ അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും അദ്ധ്യാപനമനുസരിച്ച് തങ്ങളുടെ ജീവിതം നയിക്കുന്നില്ലെങ്കിൽ അത്തരം ബൈഅത്ത് നിഷ്പ്രയോചനമാണ്.ചുരുക്കത്തിൽ നാം അഹ്മദിയാകുന്നത് പ്രയോജനപ്പെടുന്നത് ഈ യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ട് അതനുസരിച്ചു പ്രവർത്തക്കാൻ ശ്രമിക്കുമ്പോഴായിരിക്കും.അല്ലാഹു നമുക്കെല്ലാവർക്കും ഇസ്‌ലാമിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങൾ മനസ്സിലാക്കി അതനുസരിച്ച് പ്രവർത്തിക്കുവാനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

اَلۡحَمۡدُ لِلّٰهِ نَحۡمَدُهٗ وَ نَسۡتَعِيۡنُهٗ وَ نَسۡتَغۡفِرُهٗ وَنُؤۡمِنُ بِهٖ وَنَتَوَكَّلُ
عَلَيۡهِ وَنَعُوۡذُبِاللّٰهِ مِنۡ شُرُوۡرِ اَنۡفُسِنَا وَ مِنۡ سَيِّئَاتِ اَعۡمَالِنَا مَنۡ
يَّهۡدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنۡ يُّضۡلِلۡهُ فَلَا هَادِىَ لَهٗ - وَنَشۡهَدُ اَنۡ لَّا
اِلٰهَ اِلَّا اللّٰهُ وَنَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ- عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاۡمُرُ بِالۡعَدۡلِ وَ الۡاِحۡسَانِ وَ اِيۡتَاۤءِ ذِى الۡقُرۡبٰى وَيَنۡهٰى
عَنِ الۡفَحۡشَاۤءِ وَ الۡمُنۡكَرِ وَ الۡبَغۡىِ يَعِظُكُمۡ لَعَلَّكُمۡ تَذَكَّرُوۡنَ
اُذۡكُرُوا اللّٰهَ يَذۡكُرۡكُمۡ وَ ادۡعُوۡهُ يَسۡتَجِبۡ لَكُمۡ وَلَذِكۡرُ اللّٰهِ اَكۡبَرُ-


Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baitur Rahman Mosque, Maryland – on 02.11.18
Malayalam Translation : **Moulvi Najmuddin,** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516